**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **20-01-2021 - ൽ മറുപടിയ്ക്ക്**

**ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് ആനുകൂല്യം നൽകാൻ സഹായകമായ ഏതെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ:- വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം നോർക്ക റൂട്ട്സ് വഴി അടിയന്തിര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തിര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനുവേണ്ടി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ 44 പ്രവാസി മലയാളികൾക്ക് 10000 രൂപ വീതം ചികിത്സാസഹായമായി ആകെ 440000 രൂപ വിതരണം ചെയ്തു. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം 500 ഉണഭോക്താക്കൾക്കായി നോർക്ക ധാരണയായിട്ടുള്ള ബാങ്കുകൾ മുഖേന 30.48 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിനായി 9.42 കോടി രൂപ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ:- കോവിഡ് -19 |

| | | | |
|---|---|---|---|
| | | | മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിച്ച വന്നിരുന്ന 14218 പേർക്ക് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) 1000/- രൂപ (ആയിരം രൂപ മാത്രം) ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ തന്നെ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമ നിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധന സഹായമായ 10,000/- രൂപ വീതവും ബോർഡ് നൽകി വരുന്നുണ്ട്. 2020 ഡിസംബർ മാസം വരെ 1.65 കോടി രൂപ കോവിഡ് സഹായമായി ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആ പദ്ധതി പ്രകാരം എത്രപേർക്ക് സഹായം നൽകിയെന്നും ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ബി) | നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ:- വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം നോർക്ക റൂട്ട്സ് വഴി അടിയന്തിര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തിര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനുവേണ്ടി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ 44 പ്രവാസി മലയാളികൾക്ക് 10000 രൂപ വീതം ചികിത്സാസഹായമായി ആകെ 440000 രൂപ വിതരണം ചെയ്തു. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം 500 ഉണഭോക്താക്കൾക്കായി നോർക്ക ധാരണയായിട്ടുള്ള ബാങ്കുകൾ മുഖേന 30.48 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിനായി 9.42 കോടി രൂപ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ:- കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിച്ച വന്നിരുന്ന 14218 |

| | | | |
|---|---|---|---|
| | | | പേർക്ക് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) 1000/- രൂപ (ആയിരം രൂപ മാത്രം) ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ തന്നെ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമ നിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധന സഹായമായ 10,000/- രൂപ വീതവും ബോർഡ് നൽകി വരുന്നുണ്ട്. 2020 ഡിസംബർ മാസം വരെ 1.65 കോടി രൂപ കോവിഡ് സഹായമായി ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ